പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5456 | 01. 07. 2019 ൽ മറുപടിക്ക്

## വൈദ്യുതി സുരക്ഷ

ചോദ്യം
ശ്രീ.കെ.എൻ.എ.ഖാദർ

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ)ഇലക്ട്രിക് ലൈനുകൾ പൊട്ടി വീണ് അപകടങ്ങൾ ഉണ്ടാകുന്നത് തടയാൻ ഇന്ത്യൻ വൈദ്യുതി നിയമം 1956 ൽ നിർഷ്കർഷിച്ചിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;<br><br>(ബി)പ്രസ്തുത വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; | (എ)&(ബി) ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 – ലെ സെക്ഷൻ 177 പ്രകാരം വൈദ്യുതി നിയമം 1956, Central Electricity Authority (Measures relating to Safety and Electric supply) Regulations, 2010 ആയി മാറ്റി എഴുതിയിട്ടുണ്ട്.<br><br>i) ഈ റെഗുലേഷനിലെ സബ് റെഗുലേഷൻ 12-1 അനുശാസിക്കുന്നത്:<br><br>പുതിയ വൈദ്യുതി ലൈനുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുമ്പോൾ അവയ്ക്ക് മതിയായ വൈദ്യുത ശേഷി (പവർ), വൈദ്യുതി രോധന ശേഷി (ഇൻസുലേഷൻ), ബലം (മെക്കാനിക്കൽ സ്ട്രെങ്ത്) എന്നിവ ഉണ്ടാവണമെന്നും, ഇത്തരത്തിൽ സ്ഥാപിച്ച ലൈനുകൾ മനുഷ്യ ജീവനും സ്വത്തിനും മൃഗങ്ങൾക്കും സുരക്ഷ ഉറപ്പാക്കുന്ന തരത്തിൽ പരിപാലിക്കണം.<br><br>ii) ഈ റെഗുലേഷനിലെ സബ് റെഗുലേഷൻ 73-1 അനുശാസിക്കുന്നത്:<br><br>പൊതുനിരത്തുകളിലൂടെയോ, മൈനുകളിലൂടെയോ, ഫാക്ടറിയിലൂടെയോ ഉപഭോക്താവിന്റെ സ്ഥലത്തു കൂടെയോ ഇൻസുലേഷൻ ഇല്ലാത്ത വൈദ്യുത ലൈനുകൾ സ്ഥാപിക്കുമ്പോൾ അവ പൊട്ടുകയാണെങ്കിൽ, അപകടം ഒഴിവാക്കുന്നതിനു എർത്ത് ചെയ്തിട്ടുള്ള ഗാർഡിംഗ് നൽകി സംരക്ഷിക്കണം.<br><br>ഇന്ത്യൻ വൈദ്യുതി നിയമം 1956-ൽ, 74 മുതൽ 93 വരെയുള്ള സെക്ഷനുകളിലാണ് ഓവർഹെഡ് ലൈനുകളെക്കുറിച്ചും അവയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനാവശ്യമായ കാര്യങ്ങളും പ്രതിപാദിച്ചിട്ടുള്ളത്. ഇവയിൽ പ്രധാനമായും, ഉപയോഗിക്കുന്ന സാധനങ്ങൾക്ക് അവശ്യം വേണ്ടുന്ന ഗുണനിലവാരത്തെക്കുറിച്ചും ലൈനുകൾ നിർമിക്കുമ്പോൾ പാലിക്കപ്പെടേണ്ട ക്ലിയറൻസ്, ജോയിന്റ് ഗാർഡിങ്, എർത്തിങ് തുടങ്ങി സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമം ഇപ്പോൾ പ്രാബല്യത്തിലില്ല. Central Electricity Authority (Measures relating to Safety and Electric Supply) Regulations, 2010 ആണ് സുരക്ഷയുമായി ബന്ധപ്പെട്ട ഇപ്പോൾ |

| | |
|---|---|
| | നിലവിലുള്ളത്. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തു ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. |
| (സി) ഇവ നടപ്പാക്കുമെന്ന് കാണിച്ച് സർക്കാർ ഹൈക്കോടതിയിൽ ഉറപ്പ് നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ; | (സി) പത്തനംതിട്ട, പ്രക്കാനം കുളങ്ങരയിൽ ശ്രീ. ബിജി കുളങ്ങര മാത്യു ഫയൽ ചെയ്ത പൊതുജന താല്പര്യ ഹർജി (OP.No.5812 2002(S))ൻമേൽ തീർപ്പ് കൽപ്പിച്ച് ബഹുമാനപ്പെട്ട ജസ്റ്റിസ് വി.ബാലി 2002 ജൂൺ 2 - നു പുറപ്പെടുവിച്ച ഉത്തരവിൽ, സംസ്ഥാനത്തെ ഇലക്ട്രിക് ലൈനുകളിലുണ്ടാകുന്ന ഷോർട്ട് സർക്യൂട്ട് 6 മാസത്തിനുള്ളിൽ പരിഹരിച്ചു കൊള്ളാമെന്നുള്ള കെ.എസ്.ഇ.ബി. യുടെ ഉറപ്പ് രേഖപ്പെടുത്തുകയാണുണ്ടായത്. |
| (ഡി) പ്രസ്തുത സുരക്ഷാ പ്രവൃത്തികൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ നിലവിൽ കെ.എസ്.ഇ.ബി.യ്ക്ക് എന്താണ് തടസ്സമെന്ന് വിശദീകരിക്കുമോ; ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനായി ഇവ അടിയന്തരമായി നടപ്പിലാക്കുമോ? | (ഡി) ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതു വഴിയും എബിസി കണ്ടക്ടർ ഉപയോഗിക്കുന്നതു വഴിയും ഗാർഡിങ് നിർമ്മിക്കുന്നതു വഴിയും കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതു വഴിയും ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചു കൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതു കൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതു കൊണ്ടും ഘട്ടം ഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത് .<br><br>വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും കേരളസർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി എബിസി കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും സ്ഥാപിച്ചുകൊണ്ടും നിർമിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണമായും ഉറപ്പുവരുത്തികൊണ്ടും AAC കണ്ടക്ടറുകൾ മാറ്റി ACSR കണ്ടക്ടറുകൾ സ്ഥാപിച്ചുകൊണ്ടും വൈദ്യുതി ലൈനുകളിൽ നിന്നുള്ള അപകടങ്ങൾ ഒഴിവാക്കാൻ കെ.എസ്.ഇ.ബി.എൽ. ശ്രദ്ധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ